॥ ओ३म् ॥

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക - ദാർശനിക മാസിക

## DAYANANDA SANDESAM

*ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)*

*വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!*

പുസ്തകം :10 ലക്കം : 12

സൃഷ്ടി സംവത്സരം 1972949125 കലിവർഷം 51225 വൈദിക സൗരമാസം : ശുചി-നഭസ്

ചാന്ദ്രമാസം : ആഷാഢം - ശ്രാവണം, കൊല്ലവർഷം 1198 മിഥുനം- കർക്കടകം 2023 ജൂൺ

വാർഷിക വരിസംഖ്യ :₹ 125/- ദീർഘകാലം : ₹1500/-




ഡോ. ശ്യാമപ്രകാശ് മുഖർജി (1901-1953)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

- ജൂൺ 1 : ലാഹോർ ഡി.എ.വി (ദയാനന്ദ ആംഗ്ലോ വേദിക് കോളേജ്) സ്ഥാപക ദിനം
- ജൂൺ 8 : റാണി ലക്ഷ്മിബായ് രക്തസാക്ഷിദിനം
- ജൂൺ 21 : ഡോ. ഹെഡ്ഗേവാർ നിർവ്വാണദിനം, അന്താരാഷ്ട്ര യോഗദിനം
- ജൂൺ 23 : ഡോ. ശ്യാമപ്രകാശ് മുഖർജി രക്തസാക്ഷി ദിനം

**"മാനവരെല്ലാം ആര്യന്മാർ!**
**വേദജ്ഞാനം ഈശ്വരദത്തം!**
**സേവനമല്ലോ നമ്മുടെ ധർമ്മം! "**

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 13**

**കാണ്വോ മേധാതിഥിർഋഷിഃ I ത്വഷ്ടാദേവതാ I**

**ഗായത്രീഛന്ദഃ I ഷഡ്ജഃ സ്വരഃ II**

**ഇഹ ത്വഷ്ടാരമഗ്രിയം വിശ്വരൂപമുപഹ്വയേ।**

**അസ്മാകമസ്തു കേവലഃII** **(ഋഗ്വേദം 1.1.3.10)**

**പദാർത്ഥം :-** ഞാൻ ഏതൊരു (വിശ്വരൂപമ്) സർവ്വവ്യാപകനും (അഗ്രിയമ്) എല്ലാ വസ്തുക്കളുടേയും മുമ്പ് ഉണ്ടാകുന്നവനും അതുപോലെ (ത്വഷ്ടാരമ്) എല്ലാ ദുഃഖങ്ങളുടേയും നാശകനുമായ പരമാത്മാവ് അദ്ദേഹത്തെ (ഇഹ) ഈ ഗൃഹത്തിലേക്ക് (ഉപഹ്വയേ) സമ്യക്കാകും വണ്ണം വിളിക്കുന്നു. അദ്ദേഹം തന്നെയാണ് (അസ്മാകമ്) ഉപാസകന്മാരായ നമ്മുടെ (കേവലഃ) ഇഷ്ടദേവനും സ്തുത്യനും (അസ്തു) ആകുന്നത്.

പദാർത്ഥം : (വിശ്വരൂപമ്) ഏതൊന്നിലാണോ എല്ലാ ഗുണങ്ങളും അടങ്ങിയിട്ടുള്ളത് (അഗ്രിയമ്) എല്ലാ സാധനങ്ങളുടേയും മുൻനിരയിൽ നിൽക്കുന്നവനും (ത്വഷ്ടാരമ്) എല്ലാ പദാർത്ഥങ്ങളേയും സ്വന്തം തീക്ഷ്ണതയാൽ ഭിന്നിപ്പിക്കുന്ന ഭൗതികാഗ്നിയെ (ഇഹ) ഈ ശിൽപവിദ്യയിൽ (ഉപഹ്വയേ) ആരേയാണോ യുക്തമാക്കുന്നത് ഇപ്രകാരമുള്ള അഗ്നി (അസ്മാകമ്) യജ്ഞാദി കർമ്മങ്ങളേയും അതുപോലെ തന്നെ ശിൽപ്പവിദ്യയേയും സിദ്ധിപ്പിക്കുന്നവനാകുന്നു. (കേവലഃ) മേൽപറഞ്ഞ ക്രിയകളിൽ അഗ്നി അത്യന്തം (അസ്തു) സഹായകമാവുന്നു.

ഭാവാർത്ഥം : ശ്ലേഷാലങ്കാരമാണ് ഈ മന്ത്രത്തിൽ. മനുഷ്യർക്ക് അനന്തമായ ആനന്ദത്തെ നൽകുന്ന പരമാത്മാവ് മാത്രമാണ് ഉപാസ്യൻ. അതുപോലെ തന്നെ ഉത്തമനായ ഭൗതികാഗ്നി എല്ലാ പദാർത്ഥങ്ങളേയും ഛേദിക്കുന്നവനും എല്ലാ രൂപഗുണങ്ങളേയും പദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുന്നവനും ആകുന്നു. ഈ അഗ്നി സർവ്വശ്രേഷ്ഠനും ശിൽപ്പവിദ്യയിൽ അദ്വിതീയമായ സഹായകവുമാകുന്നു. ഇപ്രകാരം വിശേഷ ഗുണങ്ങളാൽ യുക്തമായ അഗ്നിയെ യഥാവത് ഉപയോഗിച്ചാലും.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ. എം. രാജൻ മീമാംസക്)**

(തുടരും)

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 10 ലക്കം 12

സൃഷ്ടി സംവത്സരം 1972949125 കലിവർഷം 5125, വൈദിക സൗരമാസം : ശുചി - നഭസ്

ചാന്ദ്രമാസം : ആഷാഢം - ശ്രാവണം, കൊല്ലവർഷം : 1198 മിഥുനം - കർക്കിടകം 2023 ജൂൺ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ :** കെ.എം. രാജൻ മീമാംസക്
**സഹ പത്രാധിപർ:** ബ്ര. വിഷ്ണുശർമ്മൻ
**ഉപദേശക സമിതി**
ആചാര്യ വിശ്വശ്രവഃ
വി. ഗോവിന്ദ ദാസ്
**പത്രാധിപ സമിതി :** കെ.കെ. ജയൻ, എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ.
**വ്യവസ്ഥാപകൻ:** കെ. ഉണ്ണികൃഷ്ണൻ


### താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ? | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| ഞാൻ എന്തുകൊണ്ട് ക്രിസ്തുമതം ഉപേക്ഷിച്ചു | 10 |
| വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം | 12 |
| ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം | 13 |
| ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ? | 16 |
| ഗുണപാഠ കഥകൾ | 18 |
| ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ | 19 |




**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
Ph: 7907077891, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആര്യസമാജം കേരളത്തിൽ (തുടർച്ച)

### 8. ആര്യഭാസ്കർജി (1931 - 2013)



കേരളത്തിൽ മഹർഷി ദയാനന്ദസരസ്വതിയുടെ വൈദിക വിചാരധാര ജന മാനസങ്ങളിൽ ആഴത്തിൽ എത്തിച്ച മറ്റൊരു മഹാപുരുഷനായിരുന്നു ആചാര്യ ആര്യഭാസ്കർജി.

1931 സപ്തംബർ 10 ന് (കൊല്ല വർഷം 1107 ചിങ്ങം 25ന്) പത്തനംതിട്ട ജില്ലയിലെ വെട്ടിപ്പുറം കോയിക്കലേത്ത് വീട്ടിൽ കൃഷ്ണൻ നായരുടേയും കല്ല്യാണി അമ്മയുടേയും പുത്രനായി ആര്യഭാസ്കർ ജനിച്ചു. 1954 ൽ ഹരിയാനയിലെ വൈദിക സാധനാശ്രമത്തിൽ നിന്ന് വൈദിക പഠനം പൂർത്തിയാക്കി. ആര്യജഗത്തിലെ ഉന്നത പണ്ഡിതനായിരുന്ന സ്വാമി ആത്മാന ന്ദജിയായിരുന്നു അദ്ദേഹത്തിന്റെ ഗുരു. കേരളത്തിൽ തിരിച്ചെത്തിയ ആര്യഭാസ്കർ ഹിന്ദി അധ്യാപകനായി വിവിധ ജില്ലകളിൽ സേവനമനുഷ്ഠിച്ചു. അതോടൊപ്പം വേദ പ്രചാരണപ്രവർത്തനങ്ങളും നടത്തി.

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**

**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

അനേകം ശിഷ്യഗണങ്ങൾക്കുടമയായിരുന്നു അദ്ദേഹം. വളരെ കാഠിന്യമുള്ള വൈദിക സിദ്ധാന്തങ്ങളും മറ്റും വളരെ സരളമായ ഭാഷയിൽ പഠിക്കാൻ അദ്ദേഹത്തിന് പ്രത്യേകമായ ഒരു കഴിവുണ്ടായിരുന്നു.

നിരവധി വൈദിക സാഹിത്യങ്ങളുടെ കർത്താവായിരുന്നു അദ്ദേഹം. കൂടാതെ ആനുകാലികങ്ങളിലും മറ്റും അനേകം വൈദിക ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പല ഗ്രന്ഥങ്ങളും ഇപ്പോഴും അപ്രകാശിതമായി കിടക്കുകയാണ്. അത് പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ നടത്തികൊണ്ടിരിക്കുന്നു. 2013 ഒക്ടോബർ 13 ന് ആര്യഭാസ്കർജി ഇഹലോകവാസം വെടിഞ്ഞു.

മഹർഷി ദയാനന്ദസരസ്വതിയുടെ ആശയങ്ങൾക്ക് കേരളത്തിൽ വേരോട്ടമുണ്ടാക്കാൻ കഠിനാധ്വാനം ചെയ്ത മഹത് വ്യക്തിയായിരുന്നു ആര്യഭാസ്കർജി. അർഹിക്കുന്ന അംഗീകാരങ്ങളും പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായില്ല. അത്തരം കാര്യങ്ങളിൽ അദ്ദേഹം തീരെ ശ്രദ്ധിച്ചിരുന്നില്ല എന്നത് സത്യമായിരുന്നു. തന്റെ പേരിന്റെ കൂടെ ആചാര്യ എന്ന പദം വെയ്ക്കാൻപോലും അദ്ദേഹം വിമുഖനായിരുന്നു.

(തുടരും)

പത്രാധിപർ


## ദയാനന്ദ സന്ദേശം മാസിക

സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം,
ആര്യധർമ്മത്തിന്റെ പാഞ്ചജന്യം.

വായിക്കുക......................പ്രചരിപ്പിക്കുക..............വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500 /-

**വരിസംഖ്യ അയക്കേണ്ട വിധം**

Account Name : Dayananda Sandesam

Account No : 4264000100072426, Punjab National Bank Cherpalcheri Branch, IFSC Code : PUNB0426400, UPI ID : 516400A0132035.mab@pnb


ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

തത്ര നൈവം പരമേശ്വരോ സൂര്യാദയോ ഭാന്തി പ്രകാശം കുർവ്വന്തി। കിന്തു തമേവ ഭാന്തം പ്രകാശയന്തമനു പശ്ചാത് തേ ഹി പ്രകാശയന്തി। നൈവ ഖല്വേതേഷു കശ്ചിത് സ്വാതന്ത്ര്യേണ പ്രകാശോഽസ്തീതി അതോ മുഖ്യോ ദേവ ഏകഃ പരമേശ്വര ഏവോപാസ്യോഽസ്തീതി മന്യധ്വമ് ।

**ഭാഷാർത്ഥം :** ആരാണോ ദാനം കൊടുക്കുന്നത് അവനാണ് ദേവൻ. ദാനം എന്നാൽ ഏതെങ്കിലും വസ്തുവിൽ നിന്ന് സ്വന്തം ആധിപത്യത്തെ ത്യജിച്ചുകൊണ്ട് മറ്റൊരാളുടെ ആധിപത്യത്തെ ആ വസ്തുവിൽ ഉൽപ്പന്നമാക്കുക. ദീപനം എന്നുവെച്ചാൽ പ്രകാശിപ്പിക്കുക. സത്യോപദേശമെന്നാൽ ദ്യോതനം. ഈ പ്രപഞ്ചത്തിൽ അദ്വിതീയനായ പരമേശ്വരൻ തന്നെയാണ് മുഖ്യദാതാവ്. കാരണം ഈ ജഗത്തിനായിട്ടുള്ള സർവ്വപദാർത്ഥങ്ങളും അദ്ദേഹത്തിന്റെ ദാനമാണ്. അതുപോലെ തന്നെ ജ്ഞാനത്തിന്റെ ഉപദേശത്താലും പരോപകാരത്താലും വിദ്വാനായ മനുഷ്യൻ ദേവനെന്ന് വിശേഷിക്കപ്പെടുന്നു. പിന്നെ മൂർത്തരൂപത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ പദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുന്നതിനാൽ ദേവൻ എന്ന് സൂര്യാദി ലോകങ്ങളേയും വിശേഷിപ്പിക്കുന്നു. (ദ്യോതനമ്) മാതാവ്, പിതാവ്, ആചാര്യൻ, അതിഥി തുടങ്ങിയവർ പരിപാലിക്കുന്നതിനാലും വിദ്യാസത്യോപദേശങ്ങൾ ചെയ്യുന്നതുകൊണ്ടും 'ദേവൻ' ആകുന്നു. പ്രകാശം ചൊരിയുന്ന സൂര്യാദികളുടേയും പ്രകാശകനാകുന്നതുകൊണ്ട് കേവലം ആ ഈശ്വരൻ മാത്രമാണ് മനുഷ്യരാൽ ഉപാസിക്കാൻ യോഗ്യനായിട്ടുള്ള ഇഷ്ടദേവൻ. മറ്റാരും ഉപാസിക്കാൻ യോഗ്യനല്ല. കഠോപനിഷത്തിലും ഇത് വെളിപ്പെടുത്തുന്നു.

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വിദ്യുത്, അഗ്നി എന്നിവ പരമേശ്വരനിൽ പ്രകാശം ഉണ്ടാക്കുന്നില്ല. മറിച്ച് ഇവയെ പ്രകാശിപ്പിക്കുന്നത് ആ ഒരേയൊരു ഈശ്വരനാണ്. എന്തുകൊണ്ടെന്നാൽ പരമേശ്വരന്റെ പ്രകാശത്താൽ മാത്രമാണ് സൂര്യാദി സർവ്വജഗത്തും പ്രകാശിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത് എന്തെന്നാൽ ഈശ്വരനിൽ നിന്ന് ഭിന്നമായ മറ്റൊരു പദാർത്ഥവും സ്വതന്ത്രരൂപത്തിൽ പ്രകാശിക്കുന്നില്ല. ഈ കാരണത്താലും പരമേശ്വരൻ തന്നെയാണ് ദേവൻ.

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*



(മുൻലക്കത്തിന്റെ തുടർച്ച)

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ

തർജ്ജമ : കെ.എം. രാജൻ മീമാംസക്

**അധ്യായം : 1** — **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

എന്നാൽ ഏതാനും വംശാവലികളെ ദർശിച്ചും രണ്ട് മനുമാരുടേയും ആദ്യത്തെ രാജാവിന്റെ രൂപത്തിലുള്ള വർണ്ണനകണ്ടിട്ടും അനേകം തവണ അന്വേഷകന്മാർ രണ്ട് മനുമാരും ഒന്നാണെന്ന ആശയക്കുഴപ്പത്തിൽ എത്തുന്നു. ഈ ഏകരൂപത്തിലുള്ള വർണ്ണനയും തെറ്റിദ്ധാരണ ഉണ്ടാക്കുന്നു. ചരിത്രഗവേഷകന്മാർ ഇതിന്റെ ഉത്തരം സ്പഷ്ടമാക്കികൊണ്ട് ഇപ്രകാരം പറയുന്നു. സ്വായംഭുവ മനു സൃഷ്ടിയുടെ ആദ്യത്തെ രാജാവായിരുന്നു. അതുപോലെ വൈവസ്വത മനു പ്രളയത്തിനുശേഷമുള്ള സമാജത്തിന്റെ ആദ്യത്തെ രാജാവായിരുന്നു. ഇക്കാരണത്താലാണ് ഈ രണ്ടുപേരും ആദ്യ രാജാക്കന്മാരുടെ രൂപത്തിൽ വർണ്ണിക്കപ്പെടുന്നത്.

ഇതുകൂടാതെയും മറ്റ് രണ്ട് അനേകം യുക്തികളുണ്ട്. അവയെ ഈ സന്ദർഭത്തിൽ ഉദ്ധരിക്കുന്നു. ഇവയിലൂടെ മനുസ്മൃതിയുടെ പ്രവക്താവായ മനു വൈവസ്വതനല്ല, മറിച്ച് സ്വായംഭുവനാണെന്ന കാര്യം സ്പഷ്ടമാകുന്നു. എങ്ങനെയെന്നാൽ -

3. വൈവസ്വത മനുവാണ് ശാസ്ത്രപ്രവക്താവ് എന്ന തരത്തിലുള്ള ഒരു സൂചനയും മനുസ്മൃതിക്കുള്ളിൽ നിന്ന് ലഭിക്കുന്നില്ല. മേൽവിവിരിച്ച സ്ഥാനത്തെ ഒഴിച്ച് മറ്റെവിടെയും വൈവസ്വതന്റെ നാമം കാണപ്പെടുന്നില്ല. ആ സ്ഥാനത്തിലും കേവലം വംശാവലിയാണുള്ളത്. മനുസ്മൃതിയുടെ പ്രവചന വിഷയവുമായി അതിന് ബന്ധമുണ്ടെന്ന് ദർശിക്കാൻ കഴിയില്ല.

*(ശേഷം പേജ് 15 ൽ)*

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**

**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**



(മുൻലക്കത്തിന്റെ തുടർച്ച)

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

"പ്രചീദിഗഗ്നി ..............." തുടങ്ങിയ ആറ് മന്ത്രങ്ങളടങ്ങിയ സൂക്തമാണ് സന്ധ്യയുടെ അടുത്ത ഭാഗം. ഈശ്വരന്റെ പ്രകാശം നമ്മുടെ പിണ്ഡത്തിലും (ശരീരത്തിൽ)- അത് കേവലം നമ്മുടെ മാത്രവും - ബ്രഹ്മാണ്ഡത്തിൽ ആകേയും - അത് സർവ്വ പ്രാണികളുടേയും പൊതുവായതുമാണെന്ന അനുഭൂതിയുണ്ടാവുമ്പോൾ നാം ഈശ്വരന്റെ പ്രകാശത്തെ തങ്ങളുടെ സമാജത്തിൽ കാണാൻ തുടങ്ങുന്ന അടുത്ത വിഭാഗം ആരംഭിക്കും. ശരീരവും ജഡമാണ്, ബ്രഹ്മാണ്ഡവും ജഡമാണ്. എന്നാൽ സമാജം ചേതനമാണ്. ഈശ്വരന്റെ പ്രകാശം ജഡവസ്തുക്കളിലുമുണ്ട്. ചേതന വസ്തുക്കളിലുമുണ്ട്. എന്നാൽ ജഡവസ്തുക്കളെ അപേക്ഷിച്ച് ചേതന വസ്തുക്കളിൽ ഈശ്വരന്റെ പ്രകാശം എറ്റവും അധികം കാണപ്പെടുന്നു. ജഡവസ്തുക്കളെ മനസ്സിലാക്കുക സുഗമമാണ്. എന്നാൽ മൃഗങ്ങളുടേയും മനുഷ്യരുടേയും മസ്തിഷ്കത്തെക്കുറിച്ച് അറിയുന്നത് കഠിനമാണ്. സൂര്യന്റെ ഗതി അറിയുന്നത് സുഗമമാണ്. അതേകുറിച്ച് പ്രവചിക്കുന്നതും സുഗമമാണ്. എന്നാൽ ഒരു ക്ഷുദ്രപ്രാണിയുടെ അതായത് ഉറുമ്പുകളുടെ ഗതിയുടെ വിഷയത്തെക്കുറിച്ച് പ്രവചനം നടത്തുക സുഗമമല്ല. ഈശ്വരന്റെ മഹിമയെക്കുറിച്ച് അനുമാനിക്കുന്നത് ആകാശത്തിലെ ലോക-ലോകാന്തരങ്ങളെ നോക്കിയല്ല. മാനവ സമാജത്തിന്റെ വികാസത്തെ നോക്കിയാണ്. ഒരു ഫാക്ടറിയിലെ വലിയ വലിയ യന്ത്രങ്ങളെ ചലിപ്പിക്കുന്നത് സരളമാണ്. എന്നാൽ അവിടുത്തെ തൊഴിലാളികളെ കയ്യിലെടുക്കുക സരളമല്ല, എന്തെന്നാൽ തൊഴിലാളികൾ ചേതനമാണ്.

**അതിനാൽ സന്ധ്യയുടെ മൂന്നാം ഭാഗത്തിൽ ഇതിന്റെ ധ്യാനം ചെയ്യുന്നു. സന്ധ്യയുടെ നാലാമത്തേയും അവസാനത്തേയും ഭാഗം "ഉപസ്ഥാനം" എന്ന് പറയപ്പെടുന്നു.**

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## പാണ്ഡവരെ കണ്ടെത്താനായി സ്വയംവരം

പാണ്ഡവർ ഇവിടേക്ക് ആഗതരാവും എന്ന് തോന്നിപ്പിക്കുന്ന ഒരു ചിഹ്നവും ഞാൻ കാണുന്നില്ല. അല്ലയോ നരേശ്വരാ! ഏതൊരു നിമിത്തത്താലാണോ അവർ ഇവിടെ വന്നെത്താൻ സാധ്യതയുള്ളത്, ആ നിമിത്തത്തെ ശ്രവിച്ചാലും.

ക്ഷത്രിയർക്കായിട്ടുള്ള കന്യാദാനത്തിന് ശ്രേഷ്ഠമായ മാർഗ്ഗം സ്വയംവരമാണെന്ന് പറയപ്പെടുന്നു.

അല്ലയോ നൃപശ്രേഷ്ഠാ! അങ്ങ് മുഴുവൻ നഗരത്തിലും സ്വയംവരത്തിനായുള്ള വിളംബരം നടത്തിയാലും. അങ്ങനെ ചെയ്യുകയാണെങ്കിൽ പാണ്ഡവർ തങ്ങളുടെ മാതാവയ കുന്തിസമതേം ദൂരെയാണെങ്കിലോ അഥവാ സമീപത്താണങ്കിലോ, ഇനി സ്വർഗ്ഗത്തിൽ തന്നെയാണെങ്കിലോ, എവിടെയാണോ അവരുള്ളത് അവിടെ നിന്ന് സ്വയംവരത്തിന്റെ വാർത്തകേട്ട് ഇവിടേക്ക് തീർച്ചയായും വന്നെത്തും. ഇതിൽ യാതൊരു സംശയവുമില്ല. അല്ലയോ രാജൻ! അതുകൊണ്ടുതന്നെ അങ്ങ് എല്ലായിടത്തും സ്വയംവരത്തിന്റെ സൂചന എത്തിച്ചാലും. ഇതിൽ താമസമരുത്.

(മഹാഭാരതം ആദിപർവ്വം അധ്യായം 166, ശ്ലോകം 81, 85)

അതുകൊണ്ടുതന്നെയാണ് മഹാരാജാവായ ദ്രുപദന് പാണ്ഡവർ അഗ്നിക്കിരയായി എന്ന വാർത്ത കേട്ടപ്പോൾ സ്വന്തം പുത്രന്മാർക്ക് മൃത്യു സംഭവിച്ചാൽ എത്രത്തോളം ദുഃഖമുണ്ടാവുമോ അത്രയും ദുഃഖമുണ്ടായി. ഇതിൽ നിന്നും സ്പഷ്ടമാവുന്നത് എന്തെന്നാൽ ഈ സ്വയംവരത്തിന്റെ വിളംബരം പാണ്ഡവരെ പ്രാപ്തമാക്കുന്നതിനായി തന്നെ ഏർപ്പെടുത്തിയതാണ്. ഇപ്പോൾ പാണ്ഡവരും പ്രാപ്തരായി. അതിലൊരാൾ ധൃഷ്ടദ്യുമ്നൻ സ്വയംവരത്തിന്റെ സഭയിൽ നിർദ്ദേശിച്ച വ്യവസ്ഥയും പൂർത്തീകരിച്ചു.

(ശേഷം പേജ് 14 ൽ)

യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)
ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അധ്യായം - 8 (തുടർച്ച)

**പോലീസിന്റെ** സാന്നിദ്ധ്യത്തിൽ അനുകൂല- പ്രതികൂലങ്ങളെ സാമം കൊണ്ട് സമരസപ്പെടുത്തി ഒരുവിധം തണുപ്പിച്ചു. കാലാഗ്നിജ്വാല പാച്ചനെ അതേ വണ്ടിയിൽ കയറ്റി ഗുരുദത്തഭവനിലേക്ക് സുരക്ഷിതാന്തരീക്ഷത്തിലയച്ചു.

പോലീസ് സംഘം തക്കസമയത്തെത്തിയിരുന്നില്ലെങ്കിൽ ധർമ്മാ-ധർമ്മങ്ങൾ തമ്മിലേറ്റുമുട്ടിയ മഹാഭാരതയുദ്ധം പോലെ, ഒരു മഹാകലഹം തന്നെ അവിടെ അരങ്ങേറുമായിരുന്നു. എന്നാൽ ഈശ്വരാധീനം കൊണ്ടത് സംഭവിച്ചില്ല എന്ന് മാത്രമേ പറയേണ്ടു.

വണ്ടിക്കാരൻ പോലീസുമായുണ്ടാക്കിയ സാമഞ്ജസ്യമനുസരിച്ച് പാച്ചനെ ഗുരുദത്തഭവനിൽ കൊണ്ടുപോയി വിട്ടു. പാച്ചൻ ഗെയ്റ്റ് കടന്ന് നാലുപാടും ഒന്ന് കണ്ണോടിച്ചു.

ചുറ്റും നല്ലമതിൽകെട്ടോടുകൂടിയ വിശാലമായ കോമ്പൗണ്ട്. കോമ്പൗണ്ടിന്റെ കിഴക്ക് മതിലിനോട് ചേർന്ന് നീണ്ട അതിഥി മന്ദിരം കാണാം. വളപ്പിന്റെ മധ്യത്തിൽ ദീർഘാർദ്ധചതുരാകൃതിയിലുള്ള ഗുരുകുലം ഉയർന്നു നിൽക്കുന്നു. ആ നിലയത്തിന്റെ തെക്കിനി സ്ഥാനത്ത് പ്രധാനാധ്യാപകൻ, സഹാധ്യാപകൻ തുടങ്ങിയവരുടെ മുറികളാണ്. പടിഞ്ഞാറ്റിയും വടക്കിനിയും വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കാനും വിശ്രമിക്കാനുമുള്ള വിശാല മുറികളും അതിനുപിന്നിൽ അടുക്കളയും ഭോജനശാലയുമുണ്ട്. പൂമുഖത്ത് അങ്കണത്തിൽ സന്ധ്യാവന്ദനാഗ്നിഹോത്രാദി ചെയ്യാനുള്ള ഒരു തുറന്ന മണ്ഡപം, ജാതി - മത-ലിംഗ ഭേദമന്യേ സമസ്ത ആഗതരേയും അർഘ്യപാദ്യസമേതം സ്വാഗത മരുളിക്കൊണ്ടുനിൽക്കുന്നു.

കിഴക്ക് വശത്തുള്ള നീണ്ട അതിഥി മന്ദിരം ഇടമതിൽ കെട്ടി ഗുരുകുലത്തിൽ നിന്ന് വേർപ്പെടുത്തിയിട്ടുണ്ട്. അതിഥി മന്ദിരത്തിന്റെ വടക്കുഭാഗത്താണ് കുളിമുറികളും കക്കൂസുകളും നിരനിരയായി കെട്ടിയിരിക്കുന്നത്. കോമ്പൗണ്ടിൽ അവിടവിടെ തറകെട്ടിയ അരയാൽ വൃക്ഷങ്ങളും കയ്പ്പൻവേപ്പിൻ മരങ്ങളും കോമ്പൗണ്ടിന് ചാരുതയും കുളിർമയും ഏകുന്നുണ്ട്.

(തുടരും)

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻലക്കത്തിന്റെ തുടർച്ച)



# എന്തുകൊണ്ടാണ് ഞാൻ ക്രിസ്തുമതം ഉപേക്ഷിച്ചത്?

ബ്രഹ്മചാരി അരുൺകുമാർ ആര്യവീർ
തർജ്ജമ : കെ.എം. രാജൻ മീമാംസക്

**7. ബൈബിളിലെ ദൈവം ആളുകളെ ആശയക്കുഴപ്പത്തിലാക്കി വിഭജിക്കുന്നു.**
"നമുക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഭാഷ, പരസ്പരം ഗ്രഹിക്കാനാകാത്തവിധം ഭിന്നിപ്പിക്കാം" (ഉൽപ്പത്തി 11:7)
യേശു പറഞ്ഞു
"ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് നിങ്ങൾ വിശ്വസിക്കരുത്. സമാധാനമല്ല, വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്."

(മത്തായി 10:34)

**8. ബൈബിളിലെ ദൈവം മനുഷ്യരുമായി കോടതികളിൽ യുദ്ധം ചെയ്യാറുണ്ടായിരുന്നു.**
"അവന്റെ മേൽ ഞാൻ വലവീശും. അവൻ എന്റെ കെണിയിൽ വീഴും. അവനെ ഞാൻ ബാബിലോണിലേക്ക് കൊണ്ടുപോകും. അവൻ എനിക്കെതിരെ ചെയ്ത അതിക്രമത്തിന് ഞാൻ അവിടെ വെച്ച് അവനെ വധിക്കും."(എസെക്കിയേൽ 17:20)

**9. നിരപരാധികളായ സ്ത്രീകളേയും, കുട്ടികളേയും, വൃദ്ധരേയും, മൃഗങ്ങളേയും നിഷ്കരുണം കൊല്ലുന്നവനാണ് ബൈബിളിലെ ദൈവം.**
"ആകയാൽ നീ പോയി അമലേക്യരെയെല്ലാം വധിക്കുകയും അവർക്കുള്ളതെല്ലാം നശിപ്പിക്കുകയും ചെയ്യുക. ആരും അവശേഷിക്കാത്തവിധം സ്ത്രീപുരുഷന്മാരേയും കുട്ടികളേയും ശിശുക്കളെയും ആടുമാടുകൾ, ഒട്ടകങ്ങൾ, കഴുതകൾ എന്നിവയേയും കൊന്നുകളയുക."

(1 സാമുവൽ 15:3)

**10. ബൈബിളിലെ ദൈവം അജ്ഞാനിയും കൂടിയായിരുന്നു. വൃക്ഷത്തെ ശപിക്കുന്നു. പെൺകഴുതയെ മോഷ്ടിപ്പിക്കുന്നു.**
"ഇന്നുള്ളത് പണ്ടേ ഉണ്ടായിരുന്നതാണ്. ഇനി ഉണ്ടാകാനിരിക്കുന്നത് ഉണ്ടായിരുന്നത് തന്നെ. കടന്നുപോയ ഓരോന്നിന്റേയും ദൈവം യഥാകാലം തിരിച്ചുകൊണ്ടു വരും"

(സഭാ പ്രസംഗകൻ 3:15)

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

"വഴിയരുകിൽ ഒരു അത്തിവൃക്ഷം കണ്ട് അവൻ അതിന്റെ അടുത്തെത്തി. എന്നാൽ അതിൽ ഇലകളല്ലാതെ ഒന്നും കണ്ടില്ല. അവൻ അതിനോട് പറഞ്ഞു. ഇനി ഒരിക്കലും നിന്നിൽ ഫലങ്ങളുണ്ടാകാതിരിക്കട്ടെ. ആ നിമിഷം തന്നെ ആ അത്തിവൃക്ഷം ഉണങ്ങിപ്പോയി."

(മത്തായി 21:19)

"അവൻ ജറുസലെമിനെ സമീപിക്കവെ ഒലിവ് മലക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ യേശു തന്റെ രണ്ട് ശിഷ്യന്മാരെ ഇപ്രകാരം നിർദ്ദേശിച്ചയച്ചു." (മത്തായി 21:1)

"എതിരെ കാണുന്ന ഗ്രാമത്തിലേക്ക് പോകുവിൻ. അവിടെ ഒരു കഴുതയേയും അടുത്ത് അതിന്റെ കുട്ടിയേയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരിക." (മത്തായി 21:2)

**11. ബൈബിളിലെ ദൈവം അലഞ്ഞുതിരിയുന്നു.**

"ഇസ്രായേലിനെ നയിക്കാൻ തുടങ്ങിയതുമുതൽ ഇന്നുവരെ ഞാൻ ആലയത്തിൽ വസിച്ചിട്ടില്ല. കൂടാരത്തിൽ നിന്ന് കൂടാരത്തിലേക്കും ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്കും ഞാൻ സഞ്ചരിച്ചു." (1 ദിനവൃത്താന്തം 17:5)

**12. മനുഷ്യനുമായുള്ള മല്ലയുദ്ധത്തിൽ ദൈവം ജയിക്കുന്നില്ല.**

"കീഴടക്കാൻ സാധ്യമല്ല എന്ന് കണ്ടപ്പോൾ അവൻ യാക്കോബിന്റെ അരക്കെട്ടിൽ തട്ടി. മൽപ്പിടുത്തത്തിനിടയിൽ യാക്കോബിന്റെ തുട അരക്കെട്ടിൽ നിന്ന് തെറ്റി." (ഉൽപ്പത്തി 32: 25)

**13. ബൈബിളിലെ ദൈവം ധർമ്മാത്മാക്കളേയും അധർമ്മികളെയും എല്ലാവരേയും നശിപ്പിക്കുന്നവനാണ്.**

"നീതിമാന്മാരേയും ദുഷ്ടന്മാരേയും നിന്നിൽ നിന്ന് വെട്ടി മാറ്റാനായിത്തന്നെയാണ് തെക്കുമുതൽ വടക്കുവരെയുള്ള എല്ലാവർക്കുമെതിരായി ഞാൻ ഉറയിൽ നിന്ന് വാളൂരുന്നത്."

(എസെക്കിയേൽ 20:21)

**14. ബൈബിളിലെ പ്രവാചകനായ ലോത്ത് സ്വന്തം പെൺമക്കളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടു.**

"അങ്ങനെ ലോത്തിന്റെ രണ്ട് പുത്രിമാരും തങ്ങളുടെ പിതാവിൽ നിന്ന് ഗർഭിണികളായി."

(ഉൽപ്പത്തി 19:36)

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം

ശിവശങ്കർ ശർമ്മ കാവ്യതീർത്ഥ്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ഈശ്വരീയ ഗ്രന്ഥം ഏത് (തുടർച്ച.....)
## ഈശ്വരന്റെ ഗുണങ്ങളും സ്വഭാവങ്ങളും

**സ്വധാഭിര്യേ അധി ഗൂപ്താവജുഹ്വത I (ഋഗ്വേദം 1.51.5)**

(യേ) ആരാണോ വിവിധ അന്നങ്ങളാൽ (അധി + ഗുപ്തൗ) മുഖത്ത് തന്നെ (ആഹുതി) ഹവനം നടത്തുന്നത്. മറ്റു മന്ത്രങ്ങളിൽ പറയുന്നത് നാനാരൂപങ്ങളുടെ ധാരണം ചെയ്ത് വിവിധ കുകർമ്മങ്ങൾ ചെയ്യുന്നു എന്ന്.

**ഉലൂകയാതും ശുശുലൂകയാതും ജഹി ശ്വയാതുമുത കീകധാതുമ് I**
**സുപർണായാതുമുത ഗൃധ്രയാതും ദൃഷദേവ പ്ര മൃണ രക്ഷ ഇന്ദ്ര II**

(ഉലൂകയാതുമ്) ഒരു മൂങ്ങയുടെ രൂപത്തിൽ ആക്രമിക്കുന്ന (ശുശുലൂകയാതുമ്) ഒരു ചെറിയ മൂങ്ങയെപ്പോലെ നടക്കുന്ന (ശ്വയാതുമ്) നായയുടെ രൂപം ധരിക്കുന്നവർ തുടങ്ങിയ പ്രകാരത്തിലുള്ള ദുഷ്ടമനുഷ്യരെ സമാജത്തിൽ നിന്ന് ദൂരേക്ക് മാറ്റിയാലും രാജാവേ! അവരെ സമാജത്തിൽ നിന്ന് അകറ്റി നിർത്തിയാലും.

ഇവരിൽ നിന്നും രക്ഷനേടുക കഠിനമായതിനാൽ ഇവരെ രാക്ഷസർ എന്ന് പറയുന്നു. പച്ചമാംസം ഭക്ഷിക്കുന്നതിനാൽ അവരെ ക്രവ്യാദ് എന്ന് വിളിച്ചിരുന്നു. ഇക്കാരണത്താൽ തന്നെയാണ് പിശാച് എന്നും വിളിക്കുന്നത്. ഇപ്രകാരം മറ്റനേകം നാമങ്ങളുണ്ട്. ഇതുപോലെ മറ്റൊരു പേരാണ് കീകടൻ (കിം ക്രിയാഭിഃ) ശുഭകർമ്മങ്ങൾ ചെയ്യുന്നതിലൂടെ എന്താണുണ്ടാവുന്നത് എന്ന് പറയുന്നവരാണവർ. ഇതിന് വിപരീതമായവർ ആര്യന്മാർ എന്നറിയപ്പെടുന്നു. അവർ സർവ്വശ്രേഷ്ഠരായ ഗുണങ്ങൾ ഉള്ളവരാകുന്നു. മന്ദം മന്ദം ആര്യന്മാരുടെ ഒരു സമൂഹം ഉടലെടുത്തു. വേദങ്ങളിൽ ഒരു പ്രത്യേക ദേശത്തിന്റേയോ ജാതിയുടേയോ വ്യക്തിയുടേയോ വർണ്ണനയില്ല. പിന്നെ എങ്ങനെയാണ് പക്ഷാപാതം മുതലായ ദോഷങ്ങൾ അതിൽ വരുന്നത്.

### മനുഷ്യന്റെ സ്ഥിതി

5. ഏതൊന്നിലാണോ മനുഷ്യരുടെ സ്ഥിതി അതായത് ആകൃതി, ആയുസ്സ്, ജന്മം, കർമ്മം, മുക്തി തുടങ്ങിയവ നല്ലപോലെ വർണ്ണിക്കുന്നത്.

(തുടരും)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**
**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**



(മുൻ ലക്കത്തിന്റെ തുടർച്ച)

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

ബ്രഹ്മചാരി ശാസ്തൃശർമ്മൻ

**അപ്പോൾ** ധൂർത്തനായ ആ വ്യക്തി പറയുന്നു. "ഞാൻ ഹനുമാനാണ്. പാകം ചെയ്യപ്പെട്ട മിഷ്ടാന്നങ്ങളും എണ്ണയും സിന്ദൂരവും ഒന്നേക്കാൽ മന്ന് ഘനമുള്ള ഒരു ഒറ്റയപ്പം, ചുവന്ന കൗപീനം എന്നിവയെല്ലാം കൊണ്ടുവരൂ" അഥവാ "ഞാൻ ഭൈരവനാണ്.... ഞാൻ ദേവിയാണ്........... എനിക്ക് അഞ്ചുകുപ്പി കള്ള്, ഇരുപത് കോഴി, അഞ്ച് കോലാട്, കുറേ പലഹാരം ഒരു മുണ്ട്, ഇതെല്ലാം കൊണ്ടുവരൂ....." എന്ന് പറയുന്നു. "വേണ്ടതെല്ലാം എടുത്തുകൊള്ളൂ..." എന്ന് പറഞ്ഞ് ആ മന്ദബുദ്ധികൾ കൊടുക്കുമ്പോൾ ആ ഭ്രാന്തന്റെ തുള്ളലും ചാട്ടവും വർധിക്കുന്നു.

എന്നാൽ ബുദ്ധിയുള്ളവർ വല്ലവരും ചെന്ന് അവർക്ക് ഉപഹാര രൂപത്തിൽ ചെരുപ്പുകൊണ്ടോ കൈകൾകൊണ്ടോ അഞ്ചു പ്രഹരങ്ങളാണ് കൊടുക്കുന്നതെങ്കിൽ അവരുടെ ഹനുമാനും ഭദ്രകാളിയും ഭൈരവനും എല്ലാം വളരെ വേഗത്തിൽ പ്രസാദിച്ചോടിപ്പോകുന്നു. എന്തെന്നാൽ ഇതെല്ലാം മറ്റുള്ളവരുടെ ധനം മോഷ്ടിക്കാൻ വേണ്ടിയുള്ള കപടനാടകം മാത്രമാണ്.

(സത്യാർത്ഥപ്രകാശം ദ്വിതീയ സമുല്ലാസം)

**ജാതകങ്ങളാലും ഗ്രഹദോഷങ്ങളാലും ജ്യോതിഷികൾ ചെയ്യുന്ന അന്യായങ്ങൾ**

പഠിപ്പില്ലാത്തവരും പഠിപ്പുള്ളവരും ഒരുപോലെ വിശ്വസിക്കുന്ന ഒന്നാണ് **'ഗ്രഹദോഷം'**. വ്യക്തിഗതമായി ആർക്കും ഗ്രഹങ്ങൾ ഒരു ദോഷവും ചെയ്യുന്നില്ല എന്നാണ് മഹർഷി ദയാനന്ദന്റെ കാഴ്ച്ചപ്പാട്. ഗ്രഹങ്ങളാൽ ഉണ്ടാവുന്ന ദോഷത്തെ കാണിച്ച് കപടജോത്സ്യന്മാർ ഗൃഹസ്ഥന്മാരുടെ ധനത്തെ അപഹരിക്കുന്നു. അതുകൊണ്ടുതന്നെ ഗണിതജ്യോതിഷത്തെ സത്യമെന്നും ഫലജ്യോതിഷത്തെ അസത്യമെന്നും മാനിക്കേണ്ടതാണ്. ഇതുപോലെതന്നെ കപടമായ ജാതകത്തേയും തിരസ്കരിക്കേണ്ടതാണ്.

(തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

(പേജ് 8 ന്റെ തുടർച്ച..........)

ഇനി അഞ്ചുപേരിൽ ഏതെങ്കിലും ഒരാളുമായി ദ്രൗപദിയുടെ വിവാഹം നടക്കുകയാണെങ്കിലും ദ്രുപദന്റെ ആഗ്രഹം പൂർണ്ണമാകും. ആ അഞ്ച് പേരിൽ യുധിഷ്ഠിരനുമായാണ് വിവാഹം നടക്കുന്നതെങ്കിൽ അതിനേക്കാളും ഉത്തമമാണ്. എന്തെന്നാൽ രാജ്യം പ്രാപ്തമായാൽ യുധിഷ്ഠിരനാണ്. മഹാരാജാവാവുക. അർജ്ജുനൻ ഒരിക്കലും മഹാരാജാവാവുകയില്ല.

അർജ്ജുനന്റെ സ്ഥാനത്ത് യുധിഷ്ഠിരനുമായാണ് വിവാഹമെങ്കിൽ അതിലും ഹാനിയൊന്നുമില്ല. മറിച്ച് ലാഭമാണുണ്ടാവുക. അതിനാൽ ദ്രുപദ മഹാരാജാവ് തന്റെ അനുമതി നൽകിക്കൊണ്ട്. സഹർഷം ഇപ്രകാരം പറഞ്ഞു.

ദ്രുപദ ഉവാച -

**ഭവാൻ വാ വിധിവത്, പാണിം ഗൃഹ്ണാതു ദുഹിതുർമമ।**

(മഹാഭാരതം ആദിപർവ്വം അധ്യായം 194, ശ്ലോകം 22)

മഹാരാജാവ് ദ്രുപദൻ പറഞ്ഞു.

ഭാവാർത്ഥം : അല്ലയോ വീരാ! അങ്ങ് തന്നെ വിധിപൂർവ്വം എന്റെ പുത്രിയുടെ പാണിഗ്രഹണം ചെയ്താലും. ഇത് ആദ്യത്തെ പ്രമാണമാണ്. ഇതിൽ നിന്നും മനസ്സിലാവുന്നതെന്താൽ ദ്രൗപദിയുടെ പതി ഒരാൾ മാത്രമായരുന്നു. അത് യുധിഷ്ഠിരൻ തന്നെയായിരുന്നു. എന്നതാണ്.

## യുധിഷ്ഠിരന്റെ വിവാഹം

വൈശമ്പായൻ പറയുന്നു -

**തതോഽബ്രവീദ് ഭഗവാൻ ധർമ്മരാജമദ്യൈവ**
**പുണ്യാഹമുത വഃ പാണ്ഡവായ ।**
**അദ്യ പൗഷ്യം യോഗമുപൈതി ചന്ദ്രമാഃ പാണിം**
**കൃഷ്ണായാസ്ത്വം ഗൃഹാണാദ്യപൂർവ്വമ് ॥**
**തതോ രാജാ യജ്ഞസേനഃ സുപുത്രോ, ജന്മാർത്ഥമുക്തം**
**ബഹു തത് തതഗ്ര്യമ് ।**
**സമാനയാമാസ സുതാം ച കൃഷ്ണാമാപ്ലാവ്യ**
**രത്നൈർബഹുഭിർവിഭൂഷ്യ ॥**
**(മഹാഭാരതം, ആദിപർവ്വം, അധ്യായം - 117, ശ്ലോകം - 5,6)**

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

(പേജ് 6 ന്റെ തുടർച്ച..................)

4.. മനുസ്മൃതിയിൽ മനുവിനോടൊപ്പം ഭൃഗുവിന്റേയും നാമം വരുന്നുണ്ട്. ഈ ഭൃഗു സ്വായംഭുവ മനുവിന്റെ ശിഷ്യനാണ്. വൈവസ്വത മനുവിന്റേയല്ല.

5. ഭാരതീയ സാഹിത്യങ്ങളിൽ രണ്ട് മനുമാരുടേയും ആദ്യരാജാവിന്റെ രൂപത്തിലുള്ള വർണ്ണന ലഭ്യമാണെങ്കിലും സ്വായംഭുവ മനുവാണ് ധർമ്മശാസ്ത്രകാരന്റെ രൂപത്തിൽ അധികം പ്രസിദ്ധിയാർജ്ജിച്ചത്. എന്നാൽ വൈവസ്വത മനു ഒരു രാജാവിന്റെ രൂപത്തിലാണ് അറിയപ്പെടുന്നത്. [ "മനുർവൈവസ്വതോ രാജാ ഇത്യാഹ । തസ്യ മനുഷ്യാ വിശഃ"। (ശത.13.4.3.3)] വൈവസ്വതനെ ധർമ്മശാസ്ത്രകാരനായി പറയുന്ന ഉദ്ധരണം ഇല്ലാ എന്നുതന്നെ പറയാം.

6. വാല്മീകി രാമായണത്തിൽ വൈവസ്വത മനുവിനെ സൂര്യവംശത്തിന്റെ ആദ്യത്തെ രാജാവായി പറയുന്നു. അദ്ദേഹമാണ് അയോധ്യയെ സ്ഥാപിച്ചത്. (വാല്മീകി രാമായണം ബാലകാണ്ഡം, 70. 20 ലെ വംശ പരിചയത്തിൽ ആദ്യത്തെ പ്രജാപാലകനായി പറയുന്നുണ്ട്. ബാലകാണ്ഡം, 5.6 ൽ മനു തന്നെയാണ് അയോധ്യയെ സ്ഥാപിച്ചത് എന്ന് പറയുന്നുണ്ട്- 'അയോധ്യാ നാമ നഗരീ തത്രാസീല്ലോക വിശ്രുതാ। മനുനാ മാനവേന്ദ്രേണ യാ പുരീ നിർമ്മിതാ സ്വയം' । ) മനുസ്മൃതിയിൽ അയോധ്യയുടേയോ ആ സമയത്തെ പ്രദേശങ്ങൾ അഥവാ ഭൂഗോളപരമായ സ്ഥിതി എന്നിവയുടേയോ ഒരു വർണ്ണനയും ഇല്ല. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി സ്വായംഭുവൻ ഭരിക്കുന്ന പ്രദേശമായ ബ്രഹ്മാവർത്തത്തിന്റെ സർവ്വോച്ചതയും മഹത്ത്വവും പ്രദർശിപ്പിച്ചിട്ടുണ്ട്. (മനു 2.17-20)

7. മനുസ്മൃതിയിൽ സ്വായംഭുവ മനുവിന് ശേഷമുള്ള മനുമാരുടേയോ, വൈവസ്വതന് മുമ്പുള്ള മനുമാരുടേയാ ഒരു തരത്തിലുള്ള സൂചനയുമില്ല. ഇതും മനുസ്മൃതിയെ സ്വായംഭുവകാലീനമായി സിദ്ധമാക്കുന്നു. ഈ സ്ഥലത്ത് കേവലം മനുവിന്റെ രാജ്യത്തെക്കുറിച്ചുള്ള വർണ്ണനയാണുള്ളത്. അത് പ്രക്ഷിപ്തമാണ് ['പൃഥുസ്തു വിനയാദ്രാജ്യം പ്രാപ്തവാൻ മനുരേവ ച' । (7.42) ] ശൈലിയുടെ ആധാരത്തിൽ അത് വൈവസ്വതനും ഒരുപാട് ശേഷമുള്ളതായി തെളിയുന്നു. എന്തെന്നാൽ അവിടെ പൃഥുരാജാവിന്റേയും ഉദ്ധരണമുണ്ട്. എന്നാൽ വൈവസ്വത മനുവിന്റെ ഏഴാം തലമുറയിലുള്ളതാണ് അദ്ദേഹം. (വാല്മീകി രാമായണം ബാലകാണ്ഡം, 70.24)

(തുടരും)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**

**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



(മുൻലക്കത്തിന്റെ തുടർച്ച)

# ത്രൈത സിദ്ധാന്തം
# എന്ത്? എങ്ങനെ?

കെ.എം.രാജൻ മീമാംസക്

## ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി - താരതമ്യ പഠനം (തുടർച്ച...)

| ക്രമ നമ്പർ | ഈശ്വരൻ | ജീവാത്മാവ് | പ്രകൃതി |
|---|---|---|---|
| 21 | **എല്ലാവരുടേയും മാതാ-പിതാവാണ്.** ഈ പ്രപഞ്ചത്തിലുള്ള ജീവജാലങ്ങളുടെയെല്ലാം മാതാ-പിതാവ് ഈശ്വരനാണ്. എല്ലാവരുടേയും ഉത്പാദകനും പാലകനും രക്ഷകനും അദ്ദേഹമാണ്. | ജീവാത്മാവ് സമസ്ത ജീവജാലങ്ങളുടേയും മാതാപിതാക്കൾ അല്ല എന്നുമാത്രമല്ല, ഒരിക്കലും അത്തരത്തിൽ ആയിരുന്നില്ല. ഭാവിയിൽ ആകുകയും ഇല്ല. | പ്രപഞ്ചത്തിലെ എല്ലാ പദാർത്ഥങ്ങളുടേയും ഉപാദാനകാരണമായിട്ടുപോലും പ്രകൃതിക്ക് ഈശ്വരനെപ്പോലെ എല്ലാവരുടേയും മാതാ-പിതാവാകാൻ ആവില്ല. |
| 22 | **എല്ലാവരുടേയും രാജാവാണ്.** സമസ്ത ബ്രഹ്മാണ്ഡത്തിലും എത്ര ദേശാ-ദേശാന്തരങ്ങൾ ഉണ്ടോ അവയുടെയെല്ലാം രാജാവ് പരമാത്മാവാണ്. അതായത് ഈശ്വരന്റെ നിയമങ്ങൾ, ന്യായം, ഭരണഘടന എന്നിവ എല്ലായിടത്തും ബാധകമാണ്. | ഒരു ജീവാത്മാവിനും സമസ്ത ബ്രഹ്മാണ്ഡത്തിന്റേയും രാജാവാകാൻ സാധിക്കില്ല. പണ്ടും അത്തരത്തിൽ ഉണ്ടായിരുന്നില്ല. ഭാവിയിലും സാധിക്കില്ല. ജീവാത്മാവ് ഈശ്വരന്റെ പ്രജയാണ്. | സമസ്ത ബ്രഹ്മാണ്ഡങ്ങളടങ്ങിയ പ്രകൃതി ഈശ്വരന്റെ സാമ്രാജ്യമാണ്. |
| 23 | **എല്ലാവരുടേയും ഗുരുവാണ്** എല്ലാപ്രാണികൾക്കും തങ്ങളുടെ ജീവിതം മുന്നോട്ട് പോകാനുള്ള | ജീവാത്മാവിന് ജീവജാലങ്ങളുടെയെല്ലാം ഗുരുവാകാൻ ഒരിക്കലും കഴിയില്ല. | ജ്ഞാന രഹിതമായതിനാൽ പ്രകൃതിക്ക് മറ്റുള്ളവർക്ക് ഉപദേശം നൽകാൻ ഒരിക്കലും ആവില്ല. |

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**

**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

| | | | |
|---|---|---|---|
| | ജ്ഞാനം നൽകുന്നവനാണ്. കൂടാതെ ശരീരധാരികളായ എത്രകണ്ട് മനുഷ്യരുണ്ടോ അവരുടെയെല്ലാം ഗുരുക്കന്മാരുടെ പരമ ഗുരു ഈശ്വരനാണ്. | | |
| 24 | സർവഥാ സ്വതന്ത്രനാണ്. ഈശ്വരൻ ഒരിക്കലും ആരുടേയും അധീനനാവില്ല. പൂർണ്ണമായും സ്വതന്ത്രമായാണ് തന്റെ കർമ്മങ്ങൾ എല്ലാം അദ്ദേഹം ചെയ്യുന്നത്. | ജീവാത്മാവ് കർമ്മങ്ങൾ ചെയ്യുന്നതിൽ സ്വാതന്ത്ര്യനാണ്. എന്നാൽ ഫലം അനുഭവിക്കുന്ന കാര്യത്തിൽ ഈശ്വരന്റെ അധീനനാണ്. | പ്രകൃതിയും ഈശ്വരന്റെ അധീനത്തിലാണ്. |
| 25 | സദാ - സർവ്വദാ ഉണർന്നിരിക്കുന്നവനാണ്. സൃഷ്ടികാലമായാലും, പ്രളയകാലമായാലും, പകലായാലും, രാത്രിയായാലും ഈശ്വരൻ സദാ ഉണർന്നിരിക്കുന്നു. ഒരു ക്ഷണംപോലും കിടക്കുകയൊ ഏതെങ്കിലും തരത്തിൽ ആലസ്യത്തിൽ പെടുകയോ ചെയ്യില്ല. | ജീവാത്മാവിന് എല്ലായ്പ്പോഴും ഉണർന്നിരിക്കാൻ കഴിയില്ല. ചിലപ്പോൾ ഉറങ്ങുന്നു. മറ്റു ചിലപ്പോൾ ഉണർന്നിരിക്കുന്നു. പ്രളയാവസ്ഥയിൽ ആത്മാക്കൾ മൂർച്ഛിതാവസ്ഥയിൽ ഇരിക്കുന്നു. സൃഷ്ടികാലത്ത് വീണ്ടും ഉണരുന്നു. പകൽ ഉണർന്നിരിക്കുകയും രാത്രി ഉറങ്ങുകയും ചെയ്യുക എന്ന നിയമത്തിൽ അത് വർത്തിക്കുന്നു. | പ്രകൃതി ജഡമായതിനാൽ ഒരിക്കലും ജാഗ്രതാവസ്ഥയിൽ ആവില്ല. |
| 26. | ശാന്തിമയനാണ്. ഈശ്വരൻ സദാ സർവ്വദാ ശാന്തനാണ്. ഒരിക്കലും അശാന്തനാവുന്നില്ല. കൂടാതെ സ്വയം ശാന്തിയുടെ കേന്ദ്രമായതിനാൽ തന്റെ ഉപാസകർക്കും ശാന്തിയെ പ്രദാനം ചെയ്യുന്നു. | ജീവാത്മാവ് സദാ സർവ്വദാ ശാന്തനായിരിക്കില്ല. അനേക പ്രകാരത്തിലുള്ള പ്രതികൂലതകൾ വരുമ്പോൾ സ്വയം അശാന്തനും ദുഃഖിതനുമായിത്തീരുന്നു. | ശാന്തവും അശാന്തവുമാണ്. എന്നാൽ പ്രകൃതി ജഡമായതിനാൽ ജീവാത്മക്കളെപ്പോലെ ഒരിക്കലും ദുഃഖിതമാവുന്നില്ല. |

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## യഥാർത്ഥ മുഹൂർത്തം

പീതവസ്ത്രധാരിയായ ഉപഗുപ്തൻ ഭിക്ഷാപാത്രവുമേന്തി മൗനവും ശാന്തവുമായ ഭാവത്തോടെ രാജവീഥിയിലൂടെ സഞ്ചരിക്കുകയായിരുന്നു. ഉറച്ചതും ബലിഷ്ഠവുമായ ശരീരകാന്തിയും മുഖമണ്ഡലത്തെ തേജസ്സും കണ്ട് നഗരത്തിലെ ജനങ്ങൾ അദ്ദേഹത്തെ വന്ദിച്ചുകൊണ്ട് കടന്നുപോയിക്കൊണ്ടിരുന്നു. ആ ഭിക്ഷുവിന്റെ അനുപമമായ സൗന്ദര്യത്തെ ദർശിച്ച നഗരത്തിലെ നർത്തകിയും ശ്രേഷ്ഠസുന്ദരിയുമായ വാസവദത്ത ആശ്ചര്യചകിതയായി. ഇത്രയും ആകർഷണീയമായ സൗമ്യവും തേജസ്സുമുള്ള മുഖം അവൾ ദർശിച്ചിട്ടുണ്ടായിരുന്നില്ല. അവൾ വേഗം എഴുന്നേറ്റ് ഭിക്ഷുവിന്റെ മുന്നിലേക്ക് ഓടിയെത്തിയിട്ട് പറഞ്ഞു. മഹാത്മാവേ, ദയവുണ്ടായി അങ്ങ് എന്റെ ഗൃഹത്തിലേക്ക് വരണം. എന്റെ എല്ലാ സൗഭാഗ്യങ്ങളും എന്റെ ഗൃഹവും, സ്വയം ഞാനും അങ്ങയുടേതാണ്. ദയവുചെയ്ത് എന്റെ അഭ്യർത്ഥന സ്വീകരിക്കണം .

ഉപഗുപ്തൻ ഒരു നിമിഷം തലയുയർത്തി ആ ഭുവനസുന്ദരിയുടെ മുഖത്തേക്ക് നോക്കി ദൃഢ ശബ്ദത്തോടെ പറഞ്ഞു.

"ഞാൻ തീർച്ചയായും നിന്റെയടുത്തുവരും. ഇപ്പോൾ അതിനുള്ള സമയം ആയിട്ടില്ല. സമയമാവുമ്പോൾ ഞാൻ സ്വയം അവിടെയെത്തും". ഉപഗുപത്ൻ നടന്നുനീങ്ങി. വർഷങ്ങൾ പലതും കഴിഞ്ഞു നഗരവധു വാസവദത്ത വർഷങ്ങളോളം ആ ഭിക്ഷുവിനു വേണ്ടി കാത്തിരുന്നു. അയാൾ വന്നില്ല. കാലം അവളിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. അവളുടെ സൗന്ദര്യവും ആകർഷണീതയയും കുറഞ്ഞു വന്നു. രൂപഭംഗിയും സമ്പത്തുമെല്ലാം സമാപ്തമായിരിക്കുന്നു. അങ്ങനെ ഒരിക്കൽ നദിക്കരയിൽ നിരാലംബയും രോഗിയുമായ വാസവദത്ത ആരാലും ശ്രദ്ധിക്കപ്പെടാതെ ഇരുന്നു. രോഗത്തിന്റെ ഭീഷണമായ അവസ്ഥയിൽ അവളുടെ ശരീരത്തിൽ നിന്നും വമിച്ചിരുന്ന ദുർഗന്ധത്താൽ പലരും മൂക്കുപൊത്താൻ തുടങ്ങി.

ആസമയം ഒരു സാധു ഭിക്ഷു അവളെ സമീപിച്ചു. "വാസവദത്താ ഞാൻ വന്നിരിക്കുന്നു." വളരെ കഷ്ടപ്പെട്ട് അവൾ തലയുയർത്തി വന്നയാളെ നോക്കി "ആരാ?"

ഭിക്ഷു പറഞ്ഞു : - "ഭിക്ഷു ഉപഗുപ്തൻ"

നിർവികാരയായി വാസവദത്ത പറഞ്ഞു. "നിങ്ങൾ വളരെ താമസിച്ചുപോയി"

ഉപഗുപത്ൻ : - "ആരുപറഞ്ഞു താമസിച്ചു എന്ന്?"

വാസവദത്ത :- "ഇപ്പോൾ എന്റെ കൈവശം ധനമില്ല, സൗന്ദര്യമില്ല, എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു."

"ഭദ്രേ ഇതു തന്നെയാണ് ശരിയായ മുഹൂർത്തം. ഈ സമയത്താണ് നിനക്ക് ഞാൻ ആവശ്യമായി വന്നിരിക്കുന്നത്." ഉപഗുപത്ൻ അവളോടൊപ്പം അവിടെ തങ്ങി. അവളുടെ രോഗത്തിനുള്ള ചികിത്സ ആരംഭിച്ചു. കഠിനമായ പരിശ്രമങ്ങൾക്കും ഔഷധപ്രയോഗങ്ങൾക്കും ശേഷം വാസവദത്തയുടെ രോഗം കുറഞ്ഞു വന്നു. അവൾ ജീവിതത്തിന്റെ മൂല്യം എന്ത് എന്ന് ആ സാധുവിൽ നിന്നും പഠിച്ചു. രോഗം പൂർണ്ണമായും മാറി യഥാർത്ഥ ജീവിതധർമ്മത്തിലേക്ക് തിരികെയെത്തി. ■

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)

ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## 'വേദകീർത്തി' പുരസ്കാരം ആര്യപ്രചാരകൻ ശ്രീ. കെ.എം രാജൻ മീമാംസകന് നൽകി ആദരിച്ചു.

വേദപ്രചാരണത്തിനായി മാതൃകാപരമായ സേവനം ചെയ്യുന്നവർക്കായി ഗുരു ഉപേന്ദ്ര വേദവിദ്യാ പ്രതിഷ്ഠാൻ നൽകുന്ന ഈ വർഷത്തെ വേദകീർത്തി പുരസ്കാരം ആര്യസമാജത്തിന്റെ പൂർണസമയ പ്രചാരകനായി സേവനം അനുഷ്ഠിച്ചുവരുന്ന വേദഗുരുകുലത്തിന്റെ അധിഷ്ഠാതാവുമായ ശ്രീ. കെ. എം. രാജൻ മീമാംസകിന് 2023 മെയ് 7 ഞായറാഴ്ച കൊച്ചിയിലെ ഇടപ്പള്ളിയിൽ നടന്ന ചടങ്ങിൽ നൽകി ആദരിച്ചു.







## വേദഗുരുകുലത്തിൽ സംസ്കൃത - സൈദ്ധാന്തിക കോഴ്സുകളുടെ പുതിയ ബാച്ച് ജൂൺ മാസത്തിൽ തുടങ്ങുന്നു.

കാറൽമണ്ണ വേദഗുരുകുലം വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന സംസ്കൃത വ്യാകരണ, സൈദ്ധാന്തിക കോഴ്സുകളുടെ പുതിയ ബാച്ച് (ഓൺലൈൻ, ഓഫ്ലൈൻ) ജൂൺ 10, 11 തിയ്യതികളിൽ ആരംഭിക്കുന്നു. സംസ്കൃത വ്യാകരണ പ്രവേശിക, അഷ്ടാധ്യായി പ്രവേശിക എന്നീ കോഴ്സുകൾ ഓൺലൈനായും ഷോഡശ സംസ്കാരം കോഴ്സ് ഓഫ്ലൈനുമായാണ് നടക്കുക.

**താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക:9497525923, 9446575923**

---

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/06/2023
RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2023-25

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) (Big Size)
മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് Rs.250.00.
2. സത്യാർത്ഥപ്രകാശം (മലയാളം 2-ാം പതിപ്പ്) (Small Size)
മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് Rs.100.00.
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ Rs. 10.00
5. വേദാന്തിധ്വാന്ത നിവാരണം Rs. 25.00
മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ മീമാംസക്
6. പൂനാ പ്രവചനം (ഉപദേശമഞ്ജരി) Rs.200.00
മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക്
7. ആര്യോദ്ദേശ്യരത്നമാല Rs. 25.00
മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക്
8. സംശയനിവാരിണി : ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ മീമാംസക് Rs. 200.00
9. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ മീമാംസക് Rs. 40.00
10. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ മീമാംസക് Rs. 60.00
11. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ മീമാംസക് Rs. 35.00
12. ശിവസങ്കല്പം - കെ.എം.രാജൻ മീമാംസക് Rs. 30.00
13. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ മീമാംസക് Rs. 40.00
14. വൈദിക ഈശ്വരൻ - കെ.എം.രാജൻ മീമാംസക് Rs. 35.00
15. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ മീമാംസക് Rs. 60.00
16. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ Rs.250.00
17. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി,
തർജ്ജമ : പി. നാരായണൻ Rs 150.00
18. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ മീമാംസക് Rs. 135.00
19. വ്യവഹാരഭാനു: - മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ കെ.എം.രാജൻ മീമാംസക് Rs. 90.00
20. ഹിന്ദു സംഘാടനം എന്തുകൊണ്ട്? എങ്ങനെ? : സ്വാമി ശ്രദ്ധാനന്ദൻ Rs. 150.00
തർജ്ജമ - കെ.എം.രാജൻ മീമാംസക്
21. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ മീമാംസക് Rs. 60.00
22. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ മീമാംസക് Rs. 75.00
23. ഗോകരുണാനിധി :- മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ കെ.എം.രാജൻ മീമാംസക് Rs. 50.00

(തപാൽ ചെലവ് പുറമെ)

**അച്ചടിയിലുള്ളവ**

1. പാണിനീയ ശിക്ഷ (വൃദ്ധപാഠം, ശിക്ഷാഭാവപ്രകാശോപേതാ) - ആചാര്യ ഉദയൻ മീമാംസക്
തർജ്ജമ - ബ്രഹ്മചാരി വിഷ്ണു ശർമ്മൻ
2. പാണിനിയുടെ ശിക്ഷാഗ്രന്ഥം (ലഘുപാഠം) - വ്യാഖ്യാതാവ് : ബ്രഹ്മചാരി വിഷ്ണു ശർമ്മൻ
3. സംസ്കൃത വ്യാകരണ പ്രവേശിക - ബ്രഹ്മചാരി വിഷ്ണു ശർമ്മൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9447525923**